വാല്യം 1 ലക്കം 4 എടവം 1171

# താളിയോല



ബിനി പ കള്ളാക്ഷൻ

താളുകളിലൂടെ.....................


മുഖവുര................................2
മൂന്നാമൂഴം............................3
സ്മരണാഞ്ജലി....................5
അമ്മയെത്തേടി......................6
എൻെറ പ്രിയപ്പെട്ട സ്വരം....7
മുഖാമുഖം. ...............................8
പ്രതികരണം.............................10
നായനാർ എന്നാൽ നേതാവ്.....10
മലയാളത്തനിമ..........................11
നാട്ടുവിശേഷം...........................12

# മുഖവുര

‘തെരു മിയാമൊതൊ’വിന്റെ മനോഹരമായ ഒരു നോവലെറ്റാണ് ‘മിന്നാമിനുങ്ങുകളുടെ പുഴ’ (ഹൊതാരുഗവ). വടക്കുകിഴക്കൻ ജപ്പാനിലെ ഒരു ഗ്രാമത്തിൽ ഹ്രസ്വമായ മഴക്കാലത്തിനിടയിൽ ഒരു സന്ധ്യക്കുമാത്രം പ്രത്യക്ഷപ്പെടുന്ന മിന്നാമിനുങ്ങുകളുടെ കൂട്ടം - ഗ്രാമാതിർത്തിയിലെ കുന്നിന്റെ താഴ്‌വാരത്തിൽ അവ പ്രത്യക്ഷപ്പെടുമ്പോൾ സഞ്ചി പിടിപ്പിച്ച തോട്ടിളുമായി അവയെ വേട്ടയാടുന്നത് കുട്ടികളുടെ ഒരു പ്രധാന വിനോദമാണ്. ഒടുവിൽ, മണിക്കൂറുകൾ മാത്രം നീണ്ടുനിൽക്കുന്ന പ്രകാശത്തിന്റെ ആ പുഴ വറ്റിതീരുമ്പോൾ, മിന്നാമിന്നുകൾ നിറച്ച സുതാര്യമായ ഉറകൾ കൊണ്ടുതീർത്ത റാന്തൽ വിളക്കുകളുമായി അവർ വീടുകളിലേക്കു മടങ്ങുന്നു.

മിന്നാമിനുങ്ങുകൾ നിറച്ച കണ്ണാടിക്കൂടുകളെക്കൊണ്ടുള്ള അലങ്കാരം ജപ്പാനിലെ ധനികരുടെ ഒരു സൗന്ദര്യ ചിഹ്നമായിരുന്നു. ഇവിടത്തെ സാംസ്കാരിക തലസ്ഥാനമായിരുന്ന ക്യോതോവിലെ പ്രസിദ്ധരായ കലാകാരൻമാരുടെയെല്ലാം വീടുകളിൽ വർഷക്കാല സന്ധ്യകളിൽ ഇത് കാണാമായിരുന്നു. മഴക്കാലത്ത് ശുദ്ധജലമന്വേഷിച്ചുമാത്രം പുറത്തുവരുന്ന മിന്നാമിനുങ്ങുകളെ നിഷ്കളങ്കതയുടെയും സൗന്ദര്യത്തിന്റെയും പ്രതികമായും മിന്നാമിനുങ്ങുവേട്ടയെ സൗന്ദര്യാന്വേഷണമായും ചിത്രീകരിക്കുകയാണ് മിയാമോതോ ചെയ്യുന്നത്. ഒടുവിൽ കുട്ടികൾക്കുമാത്രമേ അവയെ പിടിക്കാൻ കഴിയൂ എന്നു പറഞ്ഞ് നിറുത്തുന്നതോടെ പുതിയ ഒരു മാനം തന്നെ സൃഷ്ടിക്കുന്നു അദ്ദേഹം.

ഈ കഥ വായിക്കുമ്പോൾ, വർഷങ്ങൾക്കു മുൻപ് ഒരു മഴക്കാല സന്ധ്യയിൽ നടന്ന ഒരു സംഭവം ഓർത്തുപോവുന്നു. ഏഴു വയസ്സായ ഒരുകുട്ടി വളരെ നേരത്തെ പരിശ്രമത്തിനുശേഷം ഒരു മിന്നാമിനുങ്ങിനെ ചെറിയ ഒരു കുപ്പിയിലടച്ച് അമ്മയെ കാണിക്കാൻ കൊണ്ടുപോവുന്നു. അഭിനന്ദനം പ്രതീക്ഷിച്ച കുട്ടിയെ അമ്മ ശാസിക്കയാണ് ചെയ്തത്. കുപ്പിയിൽ പുറത്തുകടക്കാനാവാതെയുഴറുന്ന ആ ജീവി മരിച്ചുപോയ ഏതോ പൂർവികനാണെന്നാണ് അമ്മ കുട്ടിയോട് പറഞ്ഞത്. ഇനിയൊരു ജൻമത്തിൽ സ്വയം ഒരു പ്രാണിയായി ഇതുപോലെ കിടക്കേണ്ടിവരും എന്നും പറഞ്ഞപ്പോൾ, കുട്ടിതന്നെ അതിനെ പുറത്തുവിടുകയായിരുന്നു. നമ്മുടെ സംസ്കാരത്തിലെ മൂല്യങ്ങളെ വലിയൊരളവുവരെ പ്രതിനിധീകരിക്കുന്നതാണ് ഈ സംഭവമെന്ന് തോന്നുന്നു.

മിന്നാമിന്നി റാന്തലിന്റെ അലങ്കാരത്തിൽ ജാപ്പനീസ് സൗന്ദര്യശാസ്ത്രത്തിന്റെ മാനദണ്ഡങ്ങൾ വളരെ സ്പഷ്ടമായി പ്രതിഫലിക്കുന്നതായി കാണാം. മനുഷ്യൻ വിഭാവനം ചെയ്യുന്ന സൗന്ദര്യ സങ്കല്പങ്ങൾക്കനുരൂപമായി പ്രകൃതിയെ മാറ്റിയെടുക്കുകയെന്ന പ്രത്യേകത ജാപ്പനീസ് കലകളുടെ പൊതു സ്വഭാവമായി ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. ഈ സൗന്ദര്യ ശാസ്ത്രം തന്നെയാണ് ബോൺസായി വൃക്ഷങ്ങളുടെയും ശിലോദ്യാനങ്ങളുടെയും (Rock gardens) സൃഷ്ടിയിലും കാണുന്നത്. ജാപ്പനീസ് സംസ്കാരത്തിന്റെ പ്രതീകങ്ങളായി കണക്കാക്കിവരുന്നവയാണ് ഇവരണ്ടും.

കലാകാരന്റെ രൂപകല്പനക്കനുസരിച്ച് ചെടികളെ വളർത്തിയെടുക്കുന്ന ശൈലിയാണ് ബോൺസായി. ഇതിനനുസൃതമായി ചെടിയുടെ ശാഖകൾ മുറിച്ചു കളഞ്ഞ് അതിന്റെ സ്വാഭാവിക വളർച്ചയെ തടയുന്നതാണ് ഇതിന്റെ തത്വം. വളർന്നു പന്തലിച്ച ജടയുമായി നിൽക്കുന്ന ആൽമരത്തിൽ സൗന്ദര്യം തേടിയ ഒരു സമൂഹത്തിന്റെ ദർശനത്തിൽനിന്നും തികച്ചും വ്യത്യസ്തമാണിത്. അതുപോലെതന്നെ, പ്രകൃതിയിലെ സമുദ്രത്തിലും കൊടുമുടികളിലും വരെ മനുഷ്യത്വം ദർശിച്ച ഒരു സംസ്കാരമാണ് നമ്മുടേത്. ജപ്പാനിലെ ശിലോദ്യാനങ്ങളാകട്ടെ, പാറക്കഷണങ്ങളെ യഥേഷ്ടം മുറിച്ച് രൂപകല്പന ചെയ്യുന്നു.

പ്രകൃതിയെ ഭാവനയ്ക്കനുസരിച്ച് മാറ്റിയെടുക്കുന്ന ഈ കലാതത്വം ഭൗതികതയുടെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണെന്നു പറയാം. സാമ്പത്തിക രംഗത്ത് ജപ്പാന്റെ അന്യാദൃശമായ വിജയത്തിനുകാരണമായി ഈ ഭൗതികതയെ പല ‘ജാപ്പനോളജി’ പണ്ഡിതൻമാരും ചൂണ്ടികാണിച്ചിട്ടുണ്ട്.

-ശങ്കരനാരായണൻ

# മൂന്നാമൂഴം

ഗോപു

പതിവ് അന്തിക്കള്ള് അടിച്ചുകൊണ്ടിരുന്നപ്പോൾ ശിവന് ഒറ്റ ചിന്തയേ ഉണ്ടായിരുന്നുള്ളു. പാർവതി കുറച്ചു ദിവസമായി പറയുന്നു ഹിമാലയംവരെ പോകണമെന്ന്. കിളവനെക്കാണാൻ തോന്നിയ നേരം കൊള്ളാം. ഇപ്പൊ അവിടെ മരം കോച്ചുന്ന തണുപ്പായിരിക്കും. എന്താ ചെയ്ക? നീ ഒറ്റക്ക് പോ എന്ന് പറയാനും മടി. പണ്ട് സതീനെ ഇങ്ങനെ ഒറ്റക്ക് വിട്ടിട്ട് ശവം ആണ് തിരിച്ചുകിട്ടിയത്. അതും പിടിച്ചോണ്ട് മൈക്കിൾ ജാക്സൺെറ "ബേബി, ഓ ബേബി, ബേബി" എന്ന ഡാൻസു കളിച്ചതിൻെറ ഉളുക്കുമാറാൻ വർഷം കുറെ എടുത്തു.

അതൊക്കെ എന്ന് നടന്ന സംഭവങ്ങളാണ്. അന്ന് ചെറുപ്പമായിരുന്നു. മെയ്യഴകുണ്ടായിരുന്നു. ഭാരതം പിളർന്നിരുന്നില്ല. അതുകൊണ്ട് പാർവതി എന്ന കാശ്മീരി പെൺകിടാവിനെ രണ്ടാം കെട്ട് തരമായി. ഇന്ന് കാശ്മീരിലേക്കു പോയാൽ അ.ക. 47 വെച്ചാണ് വെടി. പ്രത്യസ്ത്രം ഒന്നും കയ്യിലുമില്ല. ഉള്ളതെല്ലാം അർജ്ജുവും പരശുവും ഒക്കെ കൊണ്ടു പോയി.

പ്രായത്തെക്കുറിച്ച് ആലോചിക്കുമ്പോഴൊക്കെ ആ ഐൻസ്റ്റയിനെ കൊല്ലാനുള്ള ദേഷ്യം വരും. അയാളുടെ ഒരു റിലേറ്റിവിറ്റി തിയറി. മണ്ണാങ്കട്ട. അല്ലെങ്കിൽ എന്തിന് ഐൻസ്റ്റയിനെമാത്രം കുറ്റം പറയണം. അയാൾ ആംഗലേയത്തിൽ എഴുതിവെച്ചതെല്ലാം ആ ശാസ്ത്രസാഹിത്യപരിഷത്തുകാരൻമാർ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത്‌വെച്ചതല്ലേ കുഴപ്പമായത്. അഭാരതീയഭാഷകൾ ഒന്നും വശമില്ലാത്ത പാർവതി അങ്ങനെയല്ലേ അത് വായിച്ചു മനസ്സിലാക്കിയത്.

എന്തായാലും അവൾ പറയുന്നത് റിലേറ്റിവിറ്റി തിയറി പ്രകാരം ശിവേട്ടൻ ഇപ്പോഴും ചെറുപ്പമാണെന്നാണ്. അതിൻെറ ക്വാണ്ടം മെക്കാനിക്കൽ ഡെറിവേഷനുകൾ അവളൊരുദിവസം എഴുതി കാണിക്കുകയും ചെയ്തു.

അതുകൊണ്ട് ഒരുകുട്ടികൂടെയൊക്കെയാകാം എന്നാണ് അവളുടെ വാശി. കുട്ടികൾ ആണായാലും പെണ്ണായാലും രണ്ടുമതിയെന്ന സ്റ്റാമ്പുവരെ കാണിച്ചിട്ടും അവൾക്ക് കുലുക്കമില്ല. ആണായാലും പെണ്ണായാലും എന്നല്ലേയുള്ളൂ. നമ്മുടേതൊന്ന് ആനയല്ലേ എന്നാണ് അവളുടെ പക്ഷം. ഒരു കണക്കിന് അതും ശരിതന്നെ. പക്ഷെ താനൊരാൾ മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യമല്ലല്ലോ ഇത്. ഭൂമി മലയാളത്തിൽ, (ഓ തെറ്റി മലയാളമല്ലല്ലോ ഇന്ത്യയിൽ, കള്ള് വയറ്റിൽ ചെന്നാൽ തനിക്ക് മലയാളിമട്ടായിപോകുമെന്ന് ശിവനോർത്തു) നാഷനൽ ജിയോഗ്രാഫിക്കുകാരനുമാത്രമേ അത് ശരിക്കു മനസ്സിലായിട്ടുള്ളു, പക്ഷെ.

എന്തായാലും ഭൂമി ഇന്ത്യയിൽ ജീവിക്കുന്ന കവികളോ, കാഥികരോ, വിമർശകരോ, നിരൂപകരോ ഒന്നുമില്ലെങ്കിൽ സിനിമക്കാരെങ്കിലും വിചാരിക്കണ്ടേ. ദൈവമാണെങ്കിലും പുരുഷനാണ്, വിവാഹിതനാണ്, പ്രാരാബ്ധങ്ങളുമില്ല എന്നാൽ ഒരു കുട്ടി കൂടി ആയിക്കോട്ടെ എന്ന്. വേദമുണ്ടാക്കിയ വ്യാസൻെറ കാലം കഴിഞ്ഞതിൽപിന്നെ ആർക്കും ദൈവത്തെക്കുറിച്ചൊരു വിചാരവുമില്ല. അങ്ങോട്ട് കേരളസാഹിത്യം,കേന്ദ്രസാഹിത്യം, ജ്ഞാനപീഠം ഒക്കെ സംഘടിപ്പിച്ച് കൊടുക്കണേ എന്ന് പ്രാർത്ഥിക്കുന്നതല്ലാതെ, ഈശ്വരകാര്യമാണ് മൂന്നാമതൊന്നിനെ റെഡിയാക്കികൊടുക്കാമെന്ന് ഒരു കവിയും ചിന്തിച്ചിട്ടില്ല. അവൻമാരെല്ലാം ഇപ്പോൾ തച്ചോളി അമ്പാടി എന്നോ, നാറാണത്തു ഭ്രാന്തൻ എന്നോ ഒക്കെ പറഞ്ഞു നടപ്പാണ്. ആ എം.ടി. ക്കെങ്കിലും "രണ്ടാമൂഴം" കഴിഞ്ഞ് ഒരു "മൂന്നാമൂഴ"ത്തിൻെറകാര്യം എഴുതാൻ പാടില്ലായിരുന്നോ. എല്ലാവനേയും ആ നന്ദികനെ വിട്ട് തട്ടണം എന്നാണ് തോന്നുന്നത്.

ഈ വ്യാസൻ ജീവിച്ചിരിന്നിട്ട് ഒരു പതിനായിരം വർഷമെങ്കിലും ആയിക്കാണും. കരുണാനിധി പറയുന്നത് അയാൾക്ക് എൻെറയും പാർവതീൻെറയും കൈകാര്യം അതിനും മുമ്പ് സിന്ധുതീരത്തീവെച്ചേ അറിയാമായിരുന്നു. അതാണത്രെ ഇപ്പൊ കേരള തമിഴ് നാട് അതിർത്തിയിൽ മാത്രം കാണുന്ന ആനകളുടെമാതിരി ഗണപതിയുടെ മുഖം ഇരിക്കുന്നത്. അയാള് സിന്ധുവീന്ന് അങ്ങോട്ട് പോയപ്പോൾ ആനകളെയും കൊണ്ടുപോയിക്കാണണം.

ശിവനോർത്തു, ഗണപതിയുടെ കാര്യമാണ് അടുത്ത തലവേദന. ചെറുക്കന് കല്ല്യാണം

എന്നൊരു വിചാരമേയുള്ളു. ഇനി ഉണ്ണിമേരി നെ കാണുമ്പോളൊന്നു ചോദിച്ചു നോക്കണം. രണ്ടാം കെട്ടാണെങ്കിലും അവൾ ഗണപതിക്ക് നല്ലചേർച്ചയാണ്.

ഓർത്തിരുന്ന് സമയം പോയതറിഞ്ഞില്ല. പോയേക്കാം. ഇപ്പൊതന്നെ പാർവതി ചോറിൽ വെള്ളമൊഴിച്ചു കാണും. വീട്ടിലേക്ക് നടക്കുംവഴി ശിവനോർത്തു, പോയേക്കാം അവളുടെ ഹിമാലയത്തിലേക്ക്. ഇനിയിപ്പൊ അതായിട്ട് ഒരു വഴക്കു വേണ്ട. സന്തുഷ്ടമായ കുടുംബ ജീവിതത്തിന് ഭർത്താവിന് അനുസരണം ആവശ്യമാണെന്ന് ഈയിടെ ഏതോ ലക്കം വനിതയിൽ വായിക്കുകയും ചെയ്തതാണ്. മാത്രമല്ല കഴുത്തിൽ കിടക്കുന്ന അണലിനെ മാറ്റീട്ട് മൂപ്പിലാൻെറ കയ്യിൽനിന്ന് ഒരു "ഹവാല"നെയോ മറ്റോ മേടിച്ച് ഇടുകയും ചെയ്യാം. ദൈവമാണെങ്കിലും നാടോടുമ്പോൾ നടുവേത്തന്നെ വേണമല്ലോ.

## ഉത്തര കടലാസിൽ നിന്ന്

(കടപ്പാട് : മലയാള മനോരമ)

ചോദ്യം : മണിപ്രവാളം എന്നാൽ എന്ത്?
ഉത്തരം : പരീക്ഷാഹാളിലേക്കു കയറുന്നതിനു വേണ്ടി മണിയടിക്കുമ്പോൾ കുട്ടികൾക്കുണ്ടാവുന്ന വെപ്രാളമാണ് മണിപ്രവാളം

ചോ: ആർക്കുമിഡീസ് തത്വം എന്നാൽ എന്ത്?
ഉ: ആർക്കുമിഡീസ് കുളിക്കാനായി വെള്ളത്തിൽ മുങ്ങിയപ്പോൾ വെള്ളം ഉയരുന്നതു കണ്ടു പേടിച്ചു "റബേക്കാ, റബേക്കാ" എന്ന് വിളിച്ചുകൊണ്ടു നഗ്നനായി ഓടി. ഇതാണ് ആർക്കുമിഡീസ് തത്വം.

ചോ: കവിതയിലെ പ്രാസ ഭംഗിക്ക് ഒരു ഉദാഹരണമെഴുതുക. വിചിത്രമായ ഒരു ഉദാഹരണം :

കൊച്ചമ്മിണി നിൻെറ പൊട്ട്
കണ്ടാലെനിയ്ക്കു തലയ്ക്കു വട്ട്
ഒന്നുകിൽ നീ എന്നെ കെട്ട്
അല്ലെങ്കിൽ നീയെന്നെ തട്ട്.

(ദ്രുതകവി പ്രതിപാദിച്ചിരിക്കുന്ന കൊച്ചമ്മിണി സ്വന്തം അദ്ധ്യാപികയാണ്)

ചോ: അശോകൻെറ ജനക്ഷേമ പ്രവർത്തനങ്ങളെപ്പറ്റി ഒരു ഖണ്ഡിക എഴുതുക?
ഉ: അശോകൻ ധാരാളം പടങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. നല്ല ഡയലോഗാണ്.

## മഴ

കുഞ്ഞുണ്ണി

ടെടെട്ടേ എന്ന് ഇടിവെട്ടും. ശുശ്ശുശ്ശൂ എന്ന് കാറ്റൂതും. പെപ്പെപ്പേ എന്ന് മഴ പെയ്യും.

ചിലപ്പോൾ മഴ തുടക്കത്തിൽ മണലുവാരിയിടുന്നതുപോലെ. അരിമണിയെറിയുന്നതുപോലെ. ചരലു വാരിയെറിയുന്നതുപോലെ. ചിലപ്പോൾ നൂലുവണ്ണത്തിൽ വെള്ളിക്കമ്പിപോലെ. തുമ്പിക്കൈ വണ്ണത്തിൽ, കുടംകൊണ്ട് കോരി യൊഴിക്കുന്നതുപോലെ.

ചിലപ്പോൾ നിന്നു പെയ്യും. ചിലപ്പോൾ ഇട വിട്ടിടവിട്ട് പെയ്യും.

മഴ ഇരുട്ടടച്ച് വരുന്നുണ്ടെന്ന് തോന്നും. ചിലപ്പോൾ ആകെ മൂടിക്കെട്ടിയപോലെ തോന്നും, ഒട്ടു പെയ്യുകയുമില്ല.ചിലപ്പോൾ മഴക്കു മുമ്പ് വെയിലിലിളിച്ചുകാട്ടും. കറുത്ത കർക്കിടകത്തിലും ചില ദിവസം ഉച്ചത്തോർ ചയുണ്ടാകും.

മഴ രണ്ടാമതും വന്നു എന്നേ എത്രവട്ടം വന്ന് എത്രവട്ടം നിന്ന് പിന്നെത്തുടങ്ങുമ്പോഴും പറയാറുള്ളു. മൂന്നാമതു മഴയില്ല.

മൂന്നാമതും മഴയില്ല എന്നു പറഞ്ഞപ്പോളാണ് പയ്യിനും കാളക്കും മൂരിക്കുമൊന്നും മൂത്രമില്ല എന്നോർമ വന്നത്. ഗോമൂത്രമേയുള്ളു.

രണ്ടാമതു മുറുക്കാൻ ആരും ചോദിക്കാറില്ല. ഒരിക്കൽ മുറുക്കാൻ തരുമോ എന്നേ എന്തു മുറുക്കാൻ കൊതിയൻമാരും എപ്പോഴും മുറുക്കേണ്ടവർപോലും ചോദിക്കാറുള്ളു. എരുമക്കൊമ്പില്ല പോത്തും കൊമ്പേയുള്ളു. മൂരിക്ക് പ്രത്യേകമായി ഒരു ശൃംഗാരവും കഴുതക്ക് പ്രത്യേകമായി ഒരു കാമവുമില്ല. എന്നാൽ മലയാളത്തിൽ കഴുതക്കാമവും മൂരിശൃംഗാരവുമുണ്ടുതാനും.

(കടപ്പാട് : മാതൃഭൂമി)

# സ്മരണാഞ്ജലി

അബ്ദുൾ മജീദ് കളത്തിൽ

ജലാൽ റഹ്മാൻ അന്തരിച്ചു. ടോക്യോയിലെ കെയോ യൂനിവേഴ്സിറ്റി ഹോസ്പിറ്റലിൽ ജനുവരി ഇരുപതിനായിരുന്നു മരണം.

കഴിഞ്ഞ എഴു വർഷത്തിലധികമായി മാരകമായ രോഗവുംപേറി ജീവിച്ചിരുന്ന ഒരു വൃദ്ധൻെറ മരണം അനുദിനം നടക്കുന്ന സ്വാഭാവിക മരണങ്ങളിൽ ഒന്നു മാത്രമായിരുന്നുവോ? ഈ ചോദ്യത്തിനുള്ള മറുപടി അഹിതകരമായ നിരവധി യാഥാർഥ്യങ്ങളെ ഓർമിപ്പിക്കുന്നു.

ജലാൽ റഹ്മാനെ അധികമാരും അറിയാനിടയില്ല. അതിനുമാത്രം അദ്ദേഹമൊരു രാഷ്ട്രീയ നേതാവോ വർഗീയ നേതാവോ ആയിരുന്നില്ല. കോഴവിവാദങ്ങളിലോ വർഗ വർണ സംഘട്ടനങ്ങളിലോ എന്നു വേണ്ട കളവ്, ചതി തുടങ്ങി ഇന്ന് പ്രസിദ്ധിയുടെ മാനദണ്ഡങ്ങളാക്കപ്പെടുന്ന ഒന്നിലും അദ്ദേഹത്തിൻെറ പേരില്ലായിരുന്നു. രാജ്യത്തെ നെടുകെയും കുറുകെയും പിളർത്തു തമ്മിലടിപ്പിക്കുന്നവർക്കോ, കട്ടുമുടിക്കുന്നവർക്കോ തങ്ങളനുഭവിക്കുന്ന സുഖഭോഗങ്ങൾക്കു പിന്നിൽ സമർപ്പിക്കപ്പെട്ട ജീവിതങ്ങളെക്കുറിച്ചറിയണമെന്നുമില്ലായിരുന്നു.

നാം പിറന്നത് സ്വതന്ത്ര ഇന്ത്യയിലാണ്. നമുക്കു മുമ്പേ കടന്നു പോയവർ ജീവരക്തം നൽകി നേടിയതെല്ലാം ഇന്ന് വിലയില്ലാത്ത പാഴ്സ്മരണകളാക്കി നാം പുറന്തള്ളിക്കൊണ്ടിരിക്കയാണ്. സ്വതന്ത്ര സ്വപ്നങ്ങൾ ഹൃദയത്തിലുറപ്പിച്ച പതിനായിരങ്ങളുടെ നേട്ടം വിപ്ളവമായി രൂപം കൊണ്ടതാണ് ഇന്ത്യയുടെ ഭൂതകാലം. നമുക്ക് പരിചയമില്ലാത്ത ഹൃദയ വിശുദ്ധിയും ലക്ഷ്യബോധവും അവർക്കുണ്ടായിരുന്നു. രാജ്യത്തിന് വേണ്ടി ജീവത്യാഗം ചെയ്യാനുള്ള സന്നദ്ധതയും. ആ തലമുറയിൽ അറിയപ്പെടുന്നതും അല്ലാത്തതുമായ ആയിരങ്ങളുടെ പ്രതിനിധിയും അവസാന കണ്ണികളിലൊന്നുമാണ് ജലാൽ റഹ്മാൻെറ വിയോഗത്തോടെ നഷ്ടപ്പെട്ടത്.

1933 ലാണ് റഹ്മാൻ ആദ്യമായി ജപ്പാനിലെത്തുന്നത്. രണ്ടാം ലോക മഹായുദ്ധകാലത്ത് ഇന്ത്യൻ ഇൻറിപ്പെൻറൻറ് ഫെഡറേഷൻെറ ചെയർമാനായും സ്വാതന്ത്ര്യ സമരം കൊടുമ്പിരിക്കൊള്ളുന്ന നാൽപതുകളിൽ ഇന്ത്യൻ നാഷനൽ ആർമിയുടെ കേണലായും അദ്ദേഹം സേവനമർപ്പിച്ചിരുന്നു. കർമംകൊണ്ട് അമരത്വം പരേതാത്മാവിനു നിത്യശാന്തി നേരുമ്പോൾ ശാന്തസുന്ദരമായ ആ മുഖത്ത് ഞാൻ നേതാജിയെക്കാണുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗോജ്ജ്വലമായ നേതൃത്വം നൽകിയ വിപ്ളവകാരികളെക്കാണുന്നു. വൈദേശികാടിമത്തത്തിൽ നിന്നും ഭാരതം മോചനം നേടുന്നതും സ്വതന്ത്ര ഇന്ത്യ ഉയിരെടുക്കുന്നതും കാണുന്നു.

ഇനിയും ഖേദപൂർവ്വം പറയേണ്ടിവരുന്ന ഒരു യാഥാർഥ്യമുണ്ട്, സ്വാതന്ത്ര്യത്തെ അതിക്രൂരമായി ദുരുപയോഗപ്പെടുത്തിയതിനെക്കുറിച്ച്. നമുക്കു കിട്ടിയത് തെറ്റുചെയ്യാനുള്ള സ്വാതന്ത്ര്യമെന്നു നാം കരുതി, ശാന്തിമന്ത്രമോതുന്ന മത ചിന്തകൾ അപകടകരമായി ദുർവ്യാഖ്യാനിച്ച് കലാപമുണ്ടാക്കി, മനുഷ്യമനസ്സുകൾ വിഭജിച്ചും മലിനീകരിച്ചും ദുരന്തം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട നിരവധി സ്മരണകളുണർത്തുന്ന നാടാണിത്. നേതാജിയിൽ നിന്നും ആവേശമുൾക്കൊണ്ട് ദിശ നിയന്ത്രിക്കാൻ ഇനിയും കഴിയേണ്ടിയിരിക്കുന്നു. ആരാധനാലയങ്ങൾ തകർക്കുന്നവരോട് ഇതെല്ലാം ഇന്ത്യയുടെയാണെന്നു പറയാൻ,മതത്തിൻെറപേരിൽ കൊന്നിടുന്നത് ഇന്ത്യക്കാരനെയാണെന്നു പറയാൻ സത്യത്തിലുറച്ചു നീതി നടത്തുന്ന വിവേകശാലികൾ വരണം. എൺപത്തഞ്ചുകോടി വരുന്ന ഇന്ത്യൻ ജനതയെ പുരോഗതിയിലേക്ക് നയിക്കാൻ അവർക്കു കഴിയും. അതോടെ സ്വാതന്ത്ര്യം പൂർത്തീകരിക്കപ്പെടും. നമുക്ക് സ്വാതന്ത്ര്യ സേനാനികൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനമാണിത്.

> സംഭവങ്ങളെ നിയന്ത്രിക്കാൻ നമുക്കു കഴിയില്ല. എന്നാൽ പ്രതികരണങ്ങളെ നിയന്ത്രിക്കുവൻ നമുക്കു കഴിയും. നമ്മുടെ പ്രതികരണങ്ങൾ അന്തസ്സുറ്റതാകണം.
>
> ഡോ. എസ്. രാധാകൃഷ്ണൻ

# അമ്മയെത്തേടി

രാജേഷ്

"സാർ, കടല." മുന്നിൽ കടലയുമായി നിൽക്കുന്ന ഒരു കൊച്ചുകുട്ടി.

കേൾക്കാത്തഭാവത്തിൽ മുന്നോട്ട് നടന്നു.

"നല്ല കടലയാണു സാർ."

ദേഷ്യത്തോടെ ഒന്നു തിരിഞ്ഞുനോക്കിയിട്ട് വീണ്ടും നടന്നു.

"ഇന്നാരും വാങ്ങിയില്ല സാർ, സാറെങ്കിലും ".

വിതുമ്പുന്ന ശബ്ദത്തിൽ അവൻ വീണ്ടും യാചിച്ചു. പിന്നെ മനസ്സിനെ പിടിച്ചു നിർത്താനായില്ല. ഒരു രൂപക്ക് കടല വാങ്ങി. അവന്റെ സന്തോഷത്തിനതിരില്ലായിരുന്നു.

"നിന്റെ വീടെവിടെയാ?" ചെറിയൊരു കുശലാന്വേഷണം നടത്തി. "ആറിന്റെ കരയിലുള്ള ശിവക്ഷേത്രത്തിനടുത്താ." സ്ഥലം അറിഞ്ഞു കൂടെങ്കിലും മൂളിക്കേട്ടു.

"വീട്ടിൽ അമ്മ മാത്രമേയുള്ളു. അസുഖം പിടിച്ചു കിടക്കുവാ ".

അവൻ നിറുത്താതെ തുടർന്നു.

അമ്മക്കുവേണ്ടി കഷ്ടപ്പെടുന്ന ഒരു കൊച്ചു കുട്ടി. പണ്ടെങ്ങോ മനസ്സിൽ പതിഞ്ഞ ഒരു മഹാന്റെ മുഖം അവനിൽ കണ്ടു. "ഈ കടലിൽ ഏറ്റവും ആഴം കൂടിയ ഭാഗം ഏതാണ്?" വെറുതെയെന്നപോലെ ചോദിച്ചു. ദൂരെ ഒരു പാറയുടെ അരികിൽ ചൂണ്ടികാണിച്ച് അവൻ സംശയത്തോടെ നോക്കി.

"നീ പൊയ്ക്കോളൂ." ഓടിയകലുന്ന അവനിൽ സ്വന്തം ബാല്യം കാണാൻ ശ്രമിച്ചു.

സ്കൂളിൽനിന്നും വിശന്നു തളർന്നു വരുമ്പോൾ 'മോനെ' എന്ന് വിളച്ച് കാത്തുനിന്നിരുന്ന അമ്മ.

"നിന്നോടെത്ര പ്രാവശ്യം പറഞ്ഞു ഈ ഷർട്ടൊക്കെ അഴുക്കാക്കരുതെന്ന്".

സ്നേഹത്തിൽ പൊതിഞ്ഞ ശാസന. എന്തു ഭംഗിയായിരുന്നു അമ്മക്ക്. എപ്പോഴും പ്രസന്നമായിരുന്ന മുഖം. സ്നേഹിക്കാൻ മാത്രം അറിയാമായിരുന്ന അമ്മ.

ഇരുട്ടിന്റെ കറുത്ത പുതപ്പ് ലോകമാകെ മൂടികഴിഞ്ഞു. തിരക്ക് തീരെ കുറഞ്ഞു. അങ്ങകലെനിന്ന് വിലാപ കാവ്യം പോലെ വരുന്ന സംഗീതം അന്തരീക്ഷത്തിൽ ഒഴുകി നടന്നു. വിജനമായ സ്ഥലത്ത് ഒറ്റക്കിരിക്കാൻ രസം തോന്നി.

ഈ നഗരത്തിൽവന്ന് ജോലിയന്വേഷിക്കുമ്പോഴും ഊണിലും ഉറക്കത്തിലും അമ്മയുടെ ഓർമകളായിരുന്നു മനസ്സു മുഴുവൻ. സ്വപ്നങ്ങളിൽ അമ്മ വന്ന് തലോടാറുണ്ടായിരുന്നു. ധന്യമായിരുന്ന ആ നിമിഷങ്ങൾ സ്വപ്നമാണെന്നറിയാമെങ്കിലും യാഥാർത്ഥ്യമാണെന്നു വിശ്വസിക്കാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്.

കാലത്തിന്റെ പാതയിൽ അമ്മയും ഒരു വഴിക്കല്ലായി മാറുകയായിരുന്നു. അങ്ങകലെ അമ്മയുടെ സമീപത്ത് എത്രയും വേഗം പറന്നെത്താൻ മനസ്സ് വെമ്പുകയാണ്. അമ്മയില്ലാതെ തനിക്കു ജീവിക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെടുകയായിരുന്നു.

ഭാവിയെക്കുറിച്ചു ചിന്തിക്കാനൊന്നുമില്ലായിരുന്നു. കളങ്കം നിറഞ്ഞ ലോകത്തിൽ നിന്നും എത്രയും വേഗം രക്ഷപ്പെടണം. ആരോരുമില്ലാത്തവനായെന്തിനു ജീവിക്കണം.

എന്തോ ഓർമിപ്പിക്കാനെന്നോണം തിരമാലകൾ അടുത്തുവന്നു. പോക്കറ്റിൽ നിന്നും അച്ഛന് എഴുതിയ കത്ത് ഒന്നു കൂടി വായിച്ചു.

പ്രിയപ്പെട്ട അച്ഛന്,

സുഖം തന്നെയല്ലേ? ഞാൻ രക്ഷപ്പെട്ടോട്ടെ അച്ഛാ. ഇതു കിട്ടുമ്പോൾ ഒരു പക്ഷേ ഞാൻ സമുദ്രത്തിന്റെ അടിത്തട്ടിലെ കൊട്ടാരത്തിൽ സുഖമായി കഴിയുകയായിരിക്കും. അവിടെ അമ്മയെ കാണാൻ പറ്റും. ഞാനും അമ്മയും സുഖമായി.... അച്ഛൻ വിഷമിക്കേണ്ട. അടുത്ത കർക്കിടക വാവിന് ബലിച്ചോറുണ്ണാൻ വരുന്ന കാക്കകളിൽ അമ്മയോടൊപ്പം ഞാനുമുണ്ടായിരിക്കും. അച്ഛനെനിക്കു ചോറു തരില്ലേ.....?

സ്വന്തം

(പ്രേരണ: ഈ കഥയിലെ കഥാപാത്രം എന്റെ ബിരുദ പഠനത്തിനിടയിലെ ഒരു സുഹൃത്താണ്.)

> നാശമില്ലാത്ത വിശ്വാസം നാശമില്ലാത്ത ആശയെ ജനിപ്പിക്കുന്നു.
>
> ശങ്കരാചാര്യർ

## എൻെറ പ്രിയപ്പെട്ട സ്വരം

**മീനാക്ഷി**

കഴിഞ്ഞ കാലത്തിൻെറ നല്ല നാളുകളെ ഓർമ്മിപ്പിക്കുന്ന ചില ശബ്ദങ്ങൾ. നമുക്ക് എല്ലാവർക്കും പ്രിയമുള്ളതായി തീരുന്നു. നദിയുടെ കള കള ശബ്ദവും, പക്ഷികളുടെ സംഗീതവും, തീവണ്ടിയുടെ കൂകൂ വിളിയും, മഴയുള്ള രാത്രികളിലെ ചീവീടുകളുടെ ശബ്ദവും എത്രയോപേരെ കുട്ടിക്കാലത്തിൻെറ നിറപ്പകിട്ടാർന്ന നാളുകളിലേക്ക് കൊണ്ടുപോവുകയും തങ്ങളുടെ വേരുകളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഉത്തരേന്ത്യയിലെ ഒരു ചെറിയ പട്ടണത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. കുട്ടിക്കാലം മുതൽ എൻെറ ഹൃദയത്തിൻെറ ആഴങ്ങളിൽ അടിഞ്ഞുകിടക്കുന്ന ഒരു ശബ്ദമാണ്, പുലർകാലത്ത് വീട്ടിനടുത്തുള്ള ആര്യസമാജ മന്ദിരത്തിൽനിന്നും കേൾക്കാറുണ്ടായിരുന്ന മന്ത്രോച്ചാരണങ്ങൾ. എല്ലാ ദിവസവും രാവിലെ യജ്ഞം നടത്താറുണ്ടായിരുന്ന ഭക്തജനങ്ങൾ ഉരുവിട്ടിരുന്ന മന്ത്രങ്ങളായിരുന്നു അത്. അന്ന് എനിക്ക് ആറോ ഏഴോ വയസു മാത്രം പ്രായം. ഉത്തരേന്ത്യയിലെ വളരെ ചൂടുകൂടിയ വേനൽക്കാലത്ത് ഞങ്ങൾ തുറന്ന വരാന്തയിലായിരുന്നു ഉറങ്ങാറുണ്ടായി രുന്നത്. രാവിലെ അഞ്ചുമണി മുതൽ ആരംഭി ക്കുന്ന ഗായത്രി മന്ത്രങ്ങളുടെ ശബ്ദമായിരുന്നു എന്നെ ഉറക്കത്തിൽനിന്നും ഉണർത്തിയിരുന്നത്. ഉണർന്നയുടൻ തന്നെ കിടക്കവിട്ട്, കുളികഴിഞ്ഞ് മന്ദിരത്തിൽ ഓടിയെത്താറുണ്ടായിരുന്ന ഞാൻ, മറ്റു ഭക്തൻമാർ ചെയ്യാറുണ്ടായിരുന്നതുപോലെ എല്ലാ 'സ്വാഹ'ത്തിനുശേഷവും അഗ്നിദേവന് ആഹൂതി നടത്തുമായിരുന്നു. മന്ത്രങ്ങളുടെ അർത്ഥമോ, അത് ഉരുവിടുന്നവരുടെ ഭക്തി വികാരമോ അറിയാൻ പാടില്ലായിരുന്നെങ്കിലും അതിൻെറ ധ്വനി ഇന്നും എൻെറ ഹൃദയത്തിൽ വേരിട്ടുകിടക്കുന്നു.

ഇന്ന്, എൻെറ അച്ഛനമ്മമാരുടെ വീടുവിട്ടിട്ട് വർഷങ്ങളാകുന്നു. വലിയ വലിയ നഗരങ്ങളുടെ തിരക്കു പിടിച്ച ജീവിതത്തിനിടയിൽ കാതുകൾ കേൾക്കാനാഗ്രഹിക്കുന്ന ആ ശബ്ദം എവിടെയോ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇന്നും അവധിക്കാലത്ത് വീട്ടിലെത്തുമ്പോൾ അതേ സ്വരങ്ങൾ, ഒരിക്കലും തിരിച്ചു പോകാൻ പറ്റാത്ത കുട്ടിക്കാലത്തിൻെറ ഓർമ്മകൾ പുതുക്കുന്നു.

(തർജ്ജമ: രാധാകൃഷ്ണൻ)

## മറുനാടൻ മലയാളി

**മാർഷൽ**

മൂന്നു കോടിയിലേറെ വരുന്നകേരളത്തിലെ ജനസംഖ്യയുടെ 40 ശതമാനം - 1 കോടി 20 ലക്ഷം ജനത - കേരളത്തിന് വെളിയിലാണ് കഴിഞ്ഞു കൂടുന്നത് എന്ന് നിങ്ങൾക്കറിയാമോ? അവരിൽ 60 ശതമാനം പേർ പ്രവൃത്തിയെടുക്കുന്നവരാണെന്നും,അവരുടെ സമ്പാദ്യത്തിൻെറ 30 ശതമാനം കേരളക്കരയിലെ കുടുംബാംഗങ്ങൾക്ക് അയച്ചുകൊടുക്കുന്നുണ്ടെന്നും നിങ്ങൾക്കറിയാമോ? ഒരാളുടെ ശരാശരി വരുമാനം 1500 രൂപയാണെന്നും, ആ കണക്കിലും ഇനത്തിലും കേരളത്തിലേക്ക് പ്രതിമാസം ഒഴുകിവരുന്ന ധനം 540 കോടി രൂപയാണെന്നും, അങ്ങനെ മറുനാടൻ മലയാളികളിൽനിന്നു മാത്രം കേരളത്തിലേക്കു പ്രതിവർഷം വന്നുചേരുന്നത് 6480 കോടി രൂപയാണെന്നും നിങ്ങൾക്കറിയാമോ?

മറുനാടൻമാരിൽ 90 ശതമാനം 1.5 തവണ പ്രതിവർഷം കേരളത്തിൽ വന്നുപോകുന്നവരാണെന്നും, അതിനായി ഒരു വർഷം 2,02,500 റെയിൽ ഡിബ്ബ വേണ്ടിവരുമെന്നും, തദ്വാരാ 12 ഡിബ്ബ കളുള്ള 16,875 ട്രെയിനുകളോ, അഥവാ ദിനംപ്രതി 46 ഇത്തരം പാസഞ്ചർ വണ്ടികളോ വേണ്ടിവരുമെന്നും നിങ്ങൾക്കറിയാമോ?

കേരളത്തിലേക്ക് പ്രതിവർഷം അവധിയിൽ വരുന്ന ഇക്കൂട്ടർ - 1.08 കോടി മറുനാടൻമാർ - 5000 രൂപ ശരാശരി കൈയിൽ കൊണ്ടുവരുമ്പോൾ ഇവിടേക്ക് ഈ ഇനത്തിൽ മാത്രം ഇറക്കുമതി ചെയ്യപ്പെടുന്ന ധനരാശി 5400 കോടി രുപ്പയ്യ ആണെന്നും നിങ്ങൾക്കറിയാമോ?

(കടപ്പാട് : മാതൃഭൂമി)

# മുഖാമുഖം

ഇ. എഫ്. തോമസ്

വിദേശികളോട് പൊതുവെ അകൽച്ച കാണിച്ചിട്ടുള്ള ചരിത്രമാണ് ജപ്പാന്റേത്. പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിലെ ('എദൊ' കാലഘട്ടം) പൂർണമായ വിദേശ നിരോധനം മുതൽ ഇന്നും ദൈനംദിന ജീവിതത്തിൽ 'ഗായ്ജിനു' (പുറത്തുള്ളവർ) മായി അടുക്കാനുള്ള വിമുഖതവരെ എല്ലാറ്റിലും ഇതു പ്രകടമാണ്. ഈ സമൂഹവുമായി ഒന്നര ദശാബ്ദത്തോളമായി ഇണങ്ങിച്ചേർന്നിട്ടുള്ള വ്യക്തിയാണ് എടക്കളത്തൂർ ഫ്രാൻസീസ് തോമസ്. (കുടുംബം: ഫിലോ തോമസ്, മക്കൾ ലിസ, ഷരോൺ)

താ: ഇവിടെ മലയാളികളുടെ ഇടയിൽ സീനിയോരിറ്റിയുടെ കാര്യത്തിൽ ഏറ്റവും പഴമക്കാരിൽ ഒരാളാണല്ലോ തോമസ്സാൻ. ജാപ്പനീസ് രീതികളോട് ഏറ്റവും അധികം ഇണങ്ങിച്ചേർന്നതും തോമസ്സാൻ കുടുംബമാണെന്ന കാര്യത്തിലും ആർക്കും എതിരഭിപ്രായമുണ്ടാവുമെന്നും തോന്നുന്നില്ല. സ്വയം എന്തു തോന്നുന്നു?

തോ: (ചിന്തിച്ച്) അങ്ങനെ പ്രത്യേകിച്ച് ആലോചിച്ചു നോക്കിയിട്ടില്ലെങ്കിലും ശരിയായിരിക്കാമെന്നു തോന്നുന്നു. ആദ്യമൊക്കെ ഓഫീസിലുള്ളവർക്കും എനിക്കു സ്വയവും ഉണ്ടായിരുന്ന 'ഗായ്ജിൻ' എന്ന തോന്നൽ ഇപ്പോൾ തീരെയില്ലാതായിരിക്കുന്നുവെന്ന് പറയാം. ഇതിന്, ജനിച്ചു വളർന്നതിൽ നിന്നു വ്യത്യസ്തമായ സാഹചര്യത്തിൽ കുറെക്കാലം ജീവിക്കേണ്ടിവരുമ്പോൾ ആർക്കും വരുന്ന സ്വാഭാവികമായ ഒരു മാറ്റത്തിൽ കൂടുതൽ പ്രാധാന്യമുണ്ടെന്ന് തോന്നുന്നില്ല. ഒരർത്ഥത്തിൽ മനുഷ്യന്റെ നിലനിൽപിന്റെ തന്നെ അടിസ്ഥാനം ഈ 'അഡാപ്റ്റബിലിറ്റി' ആണല്ലോ?

താ: രണ്ടുപേരുടെയും കുടുംബ പശ്ചാത്തലത്തെക്കുറിച്ച് ചുരുക്കി പറയാമോ?

തോ: തൃശ്ശൂർ ജില്ലയിലെ പാലയൂരാണ് എന്റെ വീട്. ഞങ്ങൾ പത്തു മക്കളാണ്. അപ്പൻ Brooke Bond Indiaയിലായിരുന്നു. സ്കൂൾ വിദ്യാഭ്യാസം നാട്ടിൽതന്നെ. പതിനാറു വയസ്സിൽ ബോംബെക്കു പോയി. അവിടെ ജോലിയും പഠനവും ഒരുമിച്ച് കുറച്ചു കാലം. 1982 ൽ, ഇരുപത്തിയൊന്നാം വയസ്സിൽ ഒരു ഇന്ത്യൻ കമ്പനിയിൽ ജോലിയായി 'കോബെ' യിൽ എത്തി. (ഇക്കഴിഞ്ഞ വർഷം ദാരുണമായ ഭൂകമ്പത്തിൽ കോബെ നഗരം പാടെ തകർക്കപ്പെട്ടു). ആറു വർഷം കോബെയിൽ. പിന്നെ യോകോഹാമയിലെ ഒരു ജാപ്പനീസ് കമ്പനിയിലേക്ക് മാറി. ഇപ്പോൾ ടോക്യോയിൽ ഒരു ജാപ്പനീസ് കമ്പനിയിലാണ്.

താ: ഫിലോസാന്റെയോ?

ഫി: തൃശ്ശൂരിൽ തന്നെ കൊട്ടേക്കാടാണ് സ്ഥലം. ഞങ്ങൾ നാലു മക്കളാണ്. ഡാഡി South Indian Bankൽ ആയിരുന്നു. ഡാഡിയുടെ സ്ഥലം മാറ്റം കാരണം സ്കൂൾ പഠനം പലയിടത്തുമായിട്ടായിരുന്നു. പിന്നെ കോളേജ് തൃശ്ശൂരിൽ തന്നെ - സെന്റ് മേരീസ്, വിമല. എം. എസ്. സി ക്കു പഠിച്ചു കൊണ്ടിരിക്കുമ്പോഴായിരുന്നു വിവാഹം. അങ്ങനെ പഠനം വഴിക്കു വെച്ചു നിന്നു.

താ: വിദേശികൾക്ക് യോജിച്ച് പോകുവാൻ ഏറ്റവും വിഷമമുള്ള സമൂഹമാണ് ജപ്പാനെന്നത് പ്രസിദ്ധമാണല്ലോ. അഭിപ്രായമെന്താണ്?

തോ: ജാപ്പനീസ് പൊതുവെ 'ഷൈ' ആണെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. പുറമെയുള്ളവരോട് ഇടപെടുമ്പോഴുള്ളഈ ഒരു 'സഭാകമ്പ മാണ്' മേൽ പറഞ്ഞ പെരുമാറ്റത്തിന് കാരണം. വിദേശികളോടുള്ളതുപോലെ തന്നെ, കുറഞ്ഞ അളവിലാണെങ്കിലും, പരിചിതവൃത്തത്തിന് പുറത്തുള്ളവരോടിടപെടുമ്പോഴും ഈ 'ശങ്ക' കാണാം. ഇതിനു പുറമെ, മറ്റു ഭാഷകൾ കൈകാര്യം ചെയ്യാനുള്ള വിഷമം, അതിരു കവിഞ്ഞ സ്വയം ബോധം എന്നിവയും ചേർന്ന് ഇത് കൂടുതൽ സങ്കീർണമാക്കുന്നു. ജാപ്പനീസ് ഭാഷ അത്യാവശ്യം കൈകാര്യം ചെയ്യാനുള്ള കഴിവും, 'ഹെഡ്' ചെയ്ത് ഇടപെടാനുള്ള താല്പര്യവുമുള്ളആർക്കും ആദ്യത്തെ

കടമ്പ കടന്നു കിട്ടാൻ വിഷമമുണ്ടാവില്ല. അടുത്തു കഴിഞ്ഞാൽപിന്നെ ഇവരുടെ സുഹൃദ് ബന്ധം നമ്മുടെതിനേക്കാളും എത്രയോ സ്ഥായിയാണ്.

ഫി: ആദ്യകാലത്ത് ഞങ്ങൾക്കിവിടെ കൂടുതൽ സുഹൃത്തുക്കളെ കിട്ടുന്നതിനിടയായതിൻെറ പ്രധാന കാരണം പള്ളിയും അതിനോടനുബന്ധിച്ചപ്രവർത്തനങ്ങളുമാണ്. ഇപ്പോൾ താമസിക്കുന്ന വീട്ടുടമസ്ഥരുമായി ഒരേ കുടുംബമെന്നപോലെയുള്ള ബന്ധമാണുള്ളത്. കുട്ടികൾക്ക് അവിടെ പോയി കളിക്കാനും ഭക്ഷണം കഴിക്കാനുമാണ് പലപ്പോഴും താല്പര്യം. ഇവരുമായുള്ളബന്ധവും പള്ളിയോടനുബന്ധിച്ചാണ് തുടങ്ങിയത്.

താ: പ്രവാസികളുടെ വലിയൊരു പ്രശ്നം കുട്ടികളുടെ വിദ്യാഭ്യാസമാണല്ലോ - പ്രത്യേകിച്ച് തികച്ചും അന്യമായ ഒരു ഭാഷ മാത്രമുള്ള ജപ്പാനിൽ. ഇത് എങ്ങനെയാണ് നേരിടുന്നത്?

തോ: ഈ ആശങ്ക ഇപ്പോഴും പൂർണമായും നീങ്ങിയെന്ന് പറയാനാവില്ല. മൂത്ത കുട്ടി 'തുത്തു' ഈ വർഷമാണ് പ്രൈമറി സ്കൂളിൽ (ഷോഗാക്കോ) പോയിതുടങ്ങിയത്. സ്കൂളിൽ ജാപ്പനീസ് മാത്രമേ ഉപയോഗിക്കൂ എന്നതിനാൽ വീട്ടിൽ വെച്ച് ഇംഗ്ലീഷും മലയാളവും പറഞ്ഞുകൊടുക്കാതെ വയ്യ. ഇനി നാട്ടിൽ തിരിച്ചു ചെന്നാലും കുറച്ചുകാലം ഭാഷയുടെ പ്രശ്നം ഉണ്ടാവുമെന്നുറപ്പാണ്.

ഫി: ജാപ്പനീസ് വിദ്യാഭ്യാസരീതിയുടെ പ്രത്യേകതകളാണ് മറ്റൊരു പ്രധാന ഘടകം. വ്യക്തികളുടെ 'ക്രിയേറ്റിവിറ്റിക്കും' വൈവിധ്യത്തിനെക്കാളും ഏറെ സമൂഹത്തിൻെറ ഏകതക്ക് ഊന്നൽ നൽകുന്നതാണ് ഇത്. സ്കൂളിലെ ഓരോ പ്രവർത്തനത്തിലും ഇത് പ്രകടമാണ്. മാത്രമല്ല വീട്ടിലെ കാര്യങ്ങളിലും, സ്കൂളിലേക്ക് പോകുന്ന വഴിയുടെ കാര്യത്തിൽ വരെ നിയന്ത്രണങ്ങളുണ്ട്. ഈ സമൂഹത്തിൽ തന്നെ തുടരുന്നവരുടെ കാര്യത്തിൽ ഇത് അഭികാമ്യമായിരിക്കാമെങ്കിലും നമുക്ക് ഇത് എത്ര കണ്ട് യോജ്യമാണെന്ന കാര്യത്തിൽ സംശയമുണ്ട്.

താ: ഇനി കുറച്ചു വ്യക്തിപരമാവട്ടെ - നിങ്ങളുടെ താല്പര്യങ്ങളെന്തൊക്കെയാണ്? പുസ്തകങ്ങൾ, സംഗീതം, സിനിമ ...?

തോ: എനിക്ക് പൊതുവെ 'ഫിക്ഷ'നിൽ താല്പര്യമില്ല - പുസ്തകങ്ങളായാലും സിനിമയായാലും. കൂടുതൽ ചരിത്ര പുസ്തകങ്ങളാണ് വായിക്കാറ്, അതുപോലെ തന്നെ ഡോക്യുമെൻററികളും. സംഗീതം - മലയാളം, ഇംഗ്ലീഷ്, ജാപ്പനീസ് ക്ലാസിക്കൽ ഗാനങ്ങൾ ഇഷ്ടമാണ്. പിന്നെ ഡ്രൈവിംഗിനു പോകുന്നതും ഇഷ്ടമാണ്.

താ: ഫിലോസാൻെറ ഹോബികളോ?

ഫി: എനിക്കു കഥകളും സിനിമകളും ഇഷ്ടമാണ്. വായിക്കാൻ അധികം സമയം കിട്ടാറില്ലെങ്കിലും മാധവിക്കുട്ടിയുടെ കഥകൾ പ്രത്യേകിച്ചും ഇഷ്ടമാണ്.

താ: സ്ഥിതി വിവരക്കണക്കുകളനുസരിച്ച് ലോകത്തിൽ മതവിശ്വാസം ഏറ്റവും കൂടുതലുള്ള രാജ്യം ഇന്ത്യയും ഏറ്റവും കുറഞ്ഞത് ജപ്പാനുമാണ്. ഈ വൈരുദ്ധ്യവുമായി എങ്ങിനെയാണ് പൊരുത്തപ്പെടുന്നത്?

ഫി: കുട്ടികളെ മതത്തെക്കുറിച്ച് പറഞ്ഞു മനസ്സിലാക്കുന്നത് ഏറ്റവും വിഷമമുള്ളതാണ്. പള്ളിയിൽ പോകുന്നതിനും പ്രാർത്ഥിക്കുന്നതിനും പലപ്പോഴും മറ്റു പ്രലോഭനങ്ങളെയും നരകത്തെക്കുറിച്ചും മറ്റുമുള്ള കഥകളെയും ആശ്രയിക്കേണ്ടി വരാറുണ്ട് - ഇത് ഒഴിവാക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും. ഇതൊടൊപ്പം തന്നെ ഇത്തരം വിഷയങ്ങളെക്കുറിച്ചുള്ള സംസാരവും മറ്റും കുട്ടികളെ കൂട്ടുകാരുടെയിടയിൽ ഒറ്റപ്പെടുത്തുമെന്ന പ്രശ്നവുമുണ്ട്. എന്തായാലും വളരെ ശ്രദ്ധാപൂർവം കൈകാര്യം ചെയ്യേണ്ട ഒരുവിഷയമാണിതെന്നു തോന്നുന്നു.

താ: ഇനി ഭാവി പരിപാടികളെക്കുറിച്ച്?

തോ: നാട്ടിലേക്കു തിരിച്ചു പോകുന്ന കാര്യം കുറെക്കാമായി ചിന്തിച്ചു തുടങ്ങിയിട്ടെങ്കിലും ഇനിയും ഒരു തീരുമാനമാ

യിട്ടില്ല - നാട്ടിലെ ബിസിനസ്സും മറ്റും ഇവിടെയി രുന്ന് നിയന്ത്രിക്കുന്നത് ബുദ്ധിമുട്ടാണെ ന്ന് ബോദ്ധ്യപ്പെട്ട് വരുന്നുണ്ടെങ്കിലും. ഇത് വിദേശ ഇന്ത്യക്കാരെയാകെ അലട്ടു ന്ന ഒരു പ്രശ്നമാണെന്നു തോന്നുന്നു.

താ: നാട്ടിലുണ്ടായിരുന്നിടത്തോളം തന്നെ കാലം തികച്ചും വ്യത്യസ്തമായ ഈ സമൂഹത്തിന്റെയും ഭാഗമായി ജീവിച്ച് സ്വയം എത്ര കണ്ട് മാറിയിട്ടുണ്ടെന്നാണ് തോന്നുന്നത്?

തോ: നല്ലതെന്നോ ചീത്തയെന്നോ വേർതിരിച്ചെടുക്കാൻ ശ്രമിച്ചിട്ടില്ലെങ്കിലും ശീലങ്ങളിലും താല്പര്യങ്ങളിലും മാറ്റം ഇല്ലായ്കയില്ല.

താ: ഈ പ്രവാസി ജീവിതത്തിനിടയിൽ നഷ്ടപ്പെട്ടുവെന്ന് കരുതുന്നത് എന്താണ്?

താ: (ആലോചിച്ച്) പലതുമുണ്ടെന്നു തോന്നുന്നു. നാട്ടിൽ ബന്ധുമിത്രാദികളുടെ സന്തോഷാവസരങ്ങളിലും, ദു:ഖഘട്ടങ്ങളിലും പങ്കെടുക്കാനാവുന്നില്ല എന്നതിൽ നഷ്ടബോധമുണ്ട്. ആഘോഷങ്ങൾക്കും മറ്റും നാട്ടിൽ പോയാലും പഴയ ആ ഉത്സാഹത്തോടെ പങ്കെടുക്കാനാവുന്നില്ല എന്നും തോന്നാറുണ്ട്. പിന്നെ, ഇതെല്ലാം പുതിയ സാഹചര്യങ്ങളിലൂടെ കടന്നുവന്നതിനു ശേഷം അതിനനുസരിച്ച് മാറാൻ കഴിയാത്ത മനസ്സിന്റെ തന്നെ പ്രശ്നമാണെന്നും വിദേശ വാസത്തിന്റെ മാത്രം പ്രത്യേകതയല്ലെന്നും ആശ്വസിക്കുകയാണ്.

## പ്രതികരണം

ഞാൻ ജപ്പാനിലായിരുന്നപ്പോൾ ഓണ സമയത്തുമാത്രം മലയാളികൾ ഒന്നിച്ചു കൂടാറുണ്ടായിരുന്നുള്ളു. ഇപ്പോൾ മലയാളികൾ എല്ലാവരും കൂടെക്കൂടെ പല പരിപാടികളും ജപ്പാനിൽ ആഘോഷിക്കാറുണ്ട് എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. താളിയോല വഴി ജപ്പാനിലെ മലയാളി സുഹൃത്തുക്കൾ മലയാള തനിമ അതേപടി നിലനിർത്താൻ ശ്രമിക്കുന്നതിൽ എനിക്ക് കൂടുതൽ സന്തോഷമുണ്ട്. ജയ്നി യുടെ വട്ടയപ്പം receipe കൊള്ളാം.

എ. എസ്. ഷേണോയ്.

## നായനാർ എന്നാൽ നേതാവ്

ശ്രീ. ഇ. കെ. നായനാരെ കേരള മുഖ്യമന്ത്രി യായി തിരഞ്ഞെടുത്തിരിക്കുന്നു. മൂന്നാം തവണയാണ് ശ്രീ. നായനാർ കേരളത്തിന്റെ സാരഥിയാകുന്നത്.

നായനാർ - ഈവാക്കിന്റെ മൂലാർത്ഥം തന്നെ നേതാവ് എന്നത്രെ. വടക്കേ മലബാറിലെ കോലത്തിരി രാജാക്കൻമാരാണ് കണ്ണൂർ കല്ല്യാശ്ശേരിയിലെ ഏറമ്പാല തറവാട്ടുകാർക്ക് ഈ സ്ഥാനം നൽകി ആദരിച്ചത്. ഈ ജൻമി കുടുംബത്തിലാണ് ഗോവിന്ദൻ നമ്പ്യാരുടെ യും നാരായണിയമ്മയുടെയും മകനായി 1918 ഡിസംബർ 10 - ാം തിയതി ഏറമ്പാല കൃഷ്ണൻ നായനാർ ജനിച്ചത്.

അച്ഛൻ ഗോവിന്ദൻ നമ്പ്യാരുടെ മദ്യപാന ശീലത്തിനെതിരെയായിരുന്നു നായനാരുടെ ആദ്യസമരം. സ്കൂളിലെ കൂട്ടുകാരെ സംഘടിപ്പിച്ച് ഗാന്ധി തൊപ്പി ധരിച്ച് സ്വാതന്ത്ര്യ മോഹം പ്രകടിപ്പിച്ച ആറാം ക്ലാസുകാരൻ പിന്നീട് കയ്യൂർ മുതൽ ഒട്ടേറെ പോരാട്ടങ്ങളിലെ നായകനായി.

1941 - ൽ നടന്ന ചരിത്ര പ്രധാനമായ കയ്യൂർ സമരം നായനാരുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരദ്ധ്യായമാണ്. ഈ സമരത്തിനിടയിൽ ഒരു പോലീസുകാരൻ മരിക്കാനിടയായി. തുടർന്നുണ്ടായ കേസിൽ നായനാർ മൂന്നാം പ്രതിയായിരുന്നു. പുറത്ത് ഒളിവിൽ പോയ നായനാരെ പിടിക്കാനായില്ല. മറ്റു പ്രതികളെ 1943 മാർച്ച് 29 - ന് തൂക്കിക്കൊന്നു. സ്വാതന്ത്ര്യം കിട്ടിയശേഷം തന്റെ പേരിലുള്ള കേസുകൾ പിൻവലിക്കപ്പെട്ടതിനെ തുടർന്നാണ് നായനാർ ഒളിവു ജീവിതം അവസാനിപ്പിച്ചത്.

നായനാരുടെ നാടൻ ശൈലിയിലുള്ള സംസാരവും പ്രസംഗവും സുപ്രസിദ്ധമാണല്ലോ. പ്രധാനമന്ത്രിയെപ്പോലും സരസമായി 'ഓൻ' എന്ന് പ്രസംഗത്തിൽ കയറി വിളിക്കാനുള്ള ആർജ്ജവവും നായനാർക്ക് മാത്രം.

1948-ലാണ് കെ. പി. ആർ. ഗോപാലന്റെ അനന്തരവളായ ശാരദ ടീച്ചറെ നായനാർ വിവാഹം കഴിച്ചത്. നായനാർ ദമ്പതികൾക്ക് നാല് മക്കളുണ്ട്.

(അവലംബം : മാതൃഭൂമി)

# മലയാളത്തനിമ

കച്ചവടത്തിനും മത പ്രചരണത്തിനുമായി അനേകം വിദേശികൾ കേരളത്തിൽ വന്നിട്ടുണ്ട്. വിദേശ സംസ്കാരത്തിന്റെ വൈവിധ്യവുമായുള്ള ഈ നിരന്തര ബന്ധമാണ് കേരളത്തിന്റെ സാമൂഹ്യ സ്വഭാവത്തിന്റെ സവിശേഷതക്ക് പിന്നിലെന്ന് ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. ഈ വൈദേശിക ബന്ധത്തിന്റെ പല ഘട്ടങ്ങളിലും നിലവിലിരുന്ന 'കേരളത്തനിമ'യെക്കുറിച്ച് പല വിദേശ സഞ്ചാരികളുടെയും യാത്രാവിവരണങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിന്റെ പൊതു ജീവിതം വളരെ സമാധാനപൂർണമായിരുന്നുവെന്ന് മിക്ക സഞ്ചാരികളും എടുത്തു പറഞ്ഞിട്ടുള്ളതാണ്. ജനങ്ങൾ പൊതുവെ സമാധാന പ്രിയരാണെന്നതിനു പുറമെ ശിക്ഷാരീതികളുടെ കാഠിന്യവും അതിനു കാരണമായിരുന്നുവത്രെ.

ഒരു ബഹു ഭാഷാ പണ്ഡിതനും തിരുവിതാംകൂർ രാജാവിന്റെ ഇംഗ്ലീഷ് ഗുരുവുമായിരുന്ന ബർതലോമിയോ നിരവധി കാലം കേരളത്തിൽ താമസിച്ചു. അദ്ദേഹം കേരളത്തെക്കുറിച്ച് നിരവധി പുസ്തകങ്ങൾ ലാറ്റിൻ ഭാഷയിലെഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളിൽ മലയാളികൾ ഉൻമേഷവും പ്രസരിപ്പും ബുദ്ധികൂർമതയുള്ളവരുമായിരുന്നു. സംഭാഷണചാതുരികൊണ്ട് മറ്റുള്ളവരെ ആകർഷിക്കാനും സന്ദർഭാനുസരണം ഒതുക്കവും മര്യാദയും കാണിക്കാനും സമർത്ഥരായിരുന്നു. വാഗ്ദാനത്തിനു വിഷമമില്ലെങ്കിലും അതു പാലിക്കന്ന കാര്യത്തിൽ വിശ്വസനീയരല്ല. കാര്യസാധ്യത്തിന് പ്രീണനവും, ഉപചാരവും സേവാഭാവവുംവരെ കാണിക്കുമെങ്കിലും അതിനുശേഷം ദുരഹങ്കാരവും അകനിന്ദയുമായിരിക്കും. എതിരാളിയെ നേരിടാൻ സാധ്യമല്ലെന്നു തോന്നിയാൽ ശാന്തതയും അടക്കവും കാണിക്കുമെങ്കിലും പ്രതിക്രിയക്ക് വഴികിട്ടി യാൽ അതിശക്തമായി തിരിച്ചടിക്കുകയും ചെയ്യും.

പതിനാറാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ ലിൻ ഷോട്ടൻ എന്ന പോർച്ചുഗീസ് സഞ്ചാരി കേരളീയ യോദ്ധാക്കളുടെ അസാധാരണമായ പകയെക്കുറിച്ചു പറയുന്നു. അവസാന ശ്വാസം വരെ എതിരാളിക്ക് ആവുന്നത്ര പരിക്കേല്പിക്കാനുള്ള ആവേശത്തിൽ അവർ അന്യാദൃശരായിരുന്നത്രെ. കച്ചവടത്തിന്റെ കാര്യത്തിലും അവർ കൗശലക്കാരായിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു.

കേരളീയർ ശുചിത്വത്തിന്റെ കാര്യത്തിൽ അസാധാരണമായി ശ്രദ്ധിച്ചിരുന്നുവെന്ന് മറ്റൊരു യൂറോപ്യൻ സഞ്ചാരി രേഖപ്പെടുത്തുന്നു. അവർ ദിവസവും രണ്ടു തവണ സമൃദ്ധമായി കുളിക്കുകയും പല തവണ കൈകാലുകളും മുഖവും കഴുകുകയും ചെയ്തിരുന്നു. എന്നാൽ വസ്ത്രധാരണത്തിൽ തീരെ ശ്രദ്ധിച്ചിരുന്നില്ല. സ്ത്രീ പുരുഷ ഭേദമില്ലാതെ അരയിൽ ചെറിയ ഒരു വസ്ത്രം മാത്രമാണ് ധരിച്ചിരുന്നത്. കുട്ടികൾ യാതൊരു വസ്ത്രവും ഉടുത്തിരുന്നില്ലത്രെ. പുരുഷൻമാർ മുഖക്ഷൗരം ചെയ്യുന്നതിലും താല്പര്യം കാണിച്ചിരുന്നില്ല. ഉയർന്ന ജാതിയിലുള്ളവർക്കിടയിൽ കൈ നഖങ്ങൾ നീട്ടി വളർത്തുന്നതും അവയെ വൃത്തിയായി സൂക്ഷിക്കുന്നതും പരിഷ്കാരമായിരുന്നുവത്രെ. കൈത്തൊഴിലുകൾ ഇവർക്കിടയിൽ കുറച്ചിലായി കണക്കാക്കപ്പെട്ടിരുന്നുവെന്നതിനാൽ തങ്ങൾ അവ ചെയ്യുന്നില്ലെന്നു കാണിക്കുന്നതിനായിരുന്നു ഇതെന്നു പറയപ്പെടുന്നു.

(അവലംബം : വേലായുധൻ പണിക്കശ്ശേരിയുടെ സഞ്ചാരികളും ചരിത്രകാരൻമാരും എന്ന പുസ്തകം)

---

നമ്മുടെ യുവാക്കൾക്കുവേണ്ടി ഭാവി സജ്ജമാക്കാൻ നമുക്ക് എല്ലായ്പ്പോഴും കഴിഞ്ഞെന്നുവരില്ല. പക്ഷെ, നല്ലൊരു ഭാവിക്കു വേണ്ടി യുവാക്കളെ സജ്ജമാക്കാൻ നമുക്കു കഴിയും.

ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ്

---

ശത്രുക്കളെ കീഴടക്കുന്നവരേക്കാൾ ധീരരായി ഞാൻ കാണുന്നത് സ്വന്തം ആശകളെ കീഴടക്കുന്നവരെയാണ്.

അരിസ്റ്റോഫെയിൻസ്

# നാട്ടുവിശേഷം

## 'കഥാപുരുഷൻ' മികച്ച ചിത്രം

മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ അവാർഡിന് അടൂർ ഗോപാലകൃഷ്ണൻെറ 'കഥാപുരുഷൻ' തിരഞ്ഞെടുക്കപ്പെട്ടു. മലയാളത്തിന് മൊത്തം എട്ട് ദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ടി. വി. ചന്ദ്രൻെറ 'ഓർമകൾ ഉണ്ടായിരിക്കണം' ആണ് മികച്ച മലയാള ചിത്രം. കുടുംബരംഗത്തെ മികച്ച ചിത്രം നടൻ മധു നിർമിച്ച് ചന്ദ്രകുമാർ സംവിധാനം ചെയ്ത 'മിനി' ആണ്.

മോഹൻ ലാൽ നിർമിച്ച് പ്രിയ ദർശൻ സംവിധാനം ചെയ്ത 'കാലാപാനി' നാല് അവാർഡുകൾ കരസ്ഥമാക്കി:
ഛായാഗ്രാഹകൻ - സന്തോഷ് ശിവൻ
കലാ സംവിധാനം - സാബു സിറിൾ
ശബ്ദ ലേഖനം - ദീപൻ ചാറ്റർജി
സ്പെഷൽ ഇഫക്ട്- വെകി

മറ്റ് പ്രധാന അവാർഡുകൾ :
നടൻ - രജത് കപൂർ (മേക്കിംഗ് ഓഫ് ദി മഹാത്മാ), നടി - സീമ ബിശ്വാസ് (ബാൻഡിറ്റ് ക്വീൻ), സഹ നടി - ആറൻമുള പൊന്നമ്മ (കഥാപുരുഷൻ), സഹ നടൻ - മിഥുൻ ചക്രവർത്തി (സ്വാമി വിവേകാനന്ദ)
സംവിധായകൻ - സയ്യിദ് മിഴ്സ (നസിം)

## തടവു ശിക്ഷ

കർണാടകയിലെ ഗ്രാഫൈറ്റ് ഇന്ത്യ ലിമിറ്റഡ് എന്ന കമ്പനിക്ക് അനധികൃതമായി കേരളത്തിൽ നിന്ന് വൈദ്യുതി മറിച്ചു വിറ്റ കേസിൽ മുൻ വൈദ്യുതി മന്ത്രിയായിരുന്ന ആർ. ബാലകൃഷ്ണ പിള്ളയേയും വൈദ്യുതി ബോർഡ് മുൻ ചെയർമാൻ പി. കേശവപിള്ളയേയും ഓരോ വർഷം തടവിന് ശിക്ഷിച്ചിരിക്കുന്നു. ഓരോരുത്തരും പതിനായിരം രൂപ വീതം പിഴ യും നൽകണം. പിഴ ഒടുക്കിയില്ലെങ്കിൽ രണ്ടുമാസം കൂടി തടവു ശിക്ഷ അനുഭവിക്കേണ്ടി വരും.

## കേരള മന്ത്രിസഭ

ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേറ്റു. ഇ. കെ. നായനാർ - മുഖ്യ മന്ത്രി, സുശീലാ ഗോപാലൻ, ടി. കെ. രാമകൃഷ്ണൻ, പാലോളി മുഹമ്മദു കുട്ടി, കെ. രാധാകൃഷ്ണൻ, ടി. ശിവദാസ മേനോൻ, പിണറായി വിജയൻ, ബേബി ജോൺ, ഇ. കെ. ഇസ്മയിൽ, ഇ. ചന്ദ്രശേഖരൻ നായർ, വി. കെ. രാജൻ, പി. ആർ. കുറുപ്പ്, പി. ജെ. ജോസഫ്, എ. സി. ഷൺമുഖദാസ്, ബി. വിജയകുമാർ (സ്പീക്കർ) എന്നിവരാണ് കേരളത്തിൻെറ പുതിയ സാരഥികൾ.

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ നായനാർ മത്സരിച്ചിരുന്നില്ല. അടുത്ത ആറു മാസത്തിനകം ഏതെങ്കിലും നിയോജകമണ്ഡലത്തിൽനിന്ന് മത്സരിച്ചു ജയിക്കണം.

**ഈ ലക്കം സ്പോൺസർ ചെയ്ത ശ്രീ. ജോർജ് എബ്രഹാമിന് നന്ദി!!**

Edited by:
Sankaranarayanan
202 Nishi Tsunashima Green Heights
6-9-1 Tsunashima Nishi
Yokohama - 223, Japan
Tel: 045 546 9893
E-Mail: sanx@csfb.co.jp

Published by:
Suresh Lal
201 Sachigaoka Daikan Plaza Sportsment
148-4 Sachigaoka, Asahi - Ku
Yokohama - 241, Japan
Tel & Fax: 045 364 7178
E-Mail: Suresh.Lal@FNB.Sprint.Com